പതിനാലാം കേരളനിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1774** | **10.03.2020-ൽ മറുപടിക്ക്**

## ജോർജ് ഇൻറർനാഷണൽ കമ്പനിയുടെ ജോലി തട്ടിപ്പ്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | എറണാകുളം പനമ്പള്ളി നഗറിലെ ജോർജ് ഇൻറർനാഷണൽ എന്ന കമ്പനി ജോലി വാഗ്ദാനം നൽകി കോടികൾ തട്ടിയെടുത്തു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനിക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ; ഏത് സ്റ്റേഷനിലാണ് കേസ്സ് എടുത്തിരിക്കുന്നതെന്നും തുടർ നടപടികൾ ഏതുവരെയായി എന്നും അറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം. 1558/19 U/s 406, 420 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) | എത്ര പേർക്കാണ് ജോലി വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയത് എന്നറിയിക്കാമോ; | (ബി) 284 പേർക്ക് ജോലി വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയതായാണ് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്. |
| (സി) | സംഭവവുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നും ഈ സ്ഥാപനം ഇപ്പോഴും തുറന്ന് പ്രവർത്തിക്കുന്നുണ്ടോ എന്നും അറിയിക്കാമോ; | (സി) & (ഡി) സംഭവവുമായി ബന്ധപ്പെട്ട് രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഈ സ്ഥാപനം ഇപ്പോഴും തുറന്ന് പ്രവർത്തിക്കുന്നുണ്ട് തട്ടിപ്പിനിരയായവരുടെ നഷ്ടപരിഹാരം സംബന്ധിച്ച് കോടതി തീരുമാനം ആകേണ്ടതുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടന്നു വരുകയാണ്. |
| (ഡി) | ഇനി തട്ടിപ്പ് നടത്താതിരിക്കാൻ സ്ഥാപനം അടച്ചുപൂട്ടിക്കുന്നതിനും തട്ടിപ്പിന് ഇരയായവർക്ക് നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ